# തീവ്രമായ വാഞ്ഛയോടെ പരിശുദ്ധാത്മ സ്നാനത്തിനായി അന്വേഷിക്കുക

സാക് പുന്നൻ

WFTW 28 ഫെബ്രുവരി 2015

2 രാജാക്കന്മാർ 2ാം അദ്ധ്യായത്തിൽ ഏലിയാവ്, എലീശയെ ശോധന ചെയ്തപ്പോൾ എലീശയുടെ നിശ്ചയധാർഢ്യം നമ്മൾ കാണുന്നു. ഏലിയാവ് സ്വർഗ്ഗത്തിലേക്ക് ഏതാണ്ട് എടുക്കപ്പെടാറായപ്പോൾ, ഏലീശ അദ്ദേഹത്തോടൊപ്പം ഗിൽഗാലിലേക്കു പോയി. ഏലിയാവ് ബെഥേലിലേക്കു പോകുമ്പോൾ എലീശയോട് ഗിൽഗാലിൽ താമസിക്കുവാൻ പറഞ്ഞു. എലീശ പറഞ്ഞു "ഇല്ല ഞാൻ അങ്ങയുടെ കൂടെ വരുന്നു.'' ഏലിയാവ് യെരിഹോവിലേക്ക് പോകുകയായിരുന്നതിനാൽ ഏലിയാവ് വീണ്ടും എലീശയോട് ബെഥേലിൽ താമസിക്കുവാൻ പറഞ്ഞു. അപ്പോൾ എലീശ വീണ്ടും മറുപടി പറഞ്ഞു "ഇല്ല, ഞാനും അങ്ങയുടെ കൂടെ പോരുകയാണ്.'' യെരീഹോവിൽ അതേ രംഗം തന്നെ ആവർത്തിക്കപ്പെട്ടു. അതിനുശേഷം ഏലിയാവ് യോർദ്ദാനിലേക്കു പോയി. അവർ യോർദ്ദാൻ നദിക്കരികെ വന്നപ്പോൾ, ഏലിയാവ് തന്റെ മേലങ്കിയെടുത്ത് നദിയിലെ വെള്ളത്തിന്മേൽ, അടിച്ചു. വെള്ളം ഇരുവശത്തേക്കും മാറി, അവരിരുവരും നടന്ന് മറുകര കടന്നു. അപ്പോൾ ഏലിയാവ് എലീശയോട് ചോദിച്ചു "നീ എന്തിനാണ് എന്നെ പിൻതുടരുന്നത്? നിനക്ക് എന്താണ് വേണ്ടത്?

നിങ്ങളെ സംബന്ധിച്ച് എങ്ങനെയാണ്? നിങ്ങൾക്കെന്താണ് വേണ്ടത്? ഒരു മെച്ചപ്പെട്ട വരുമാനമാണോ, അതോ ഒരു കാറാണോ, അതോ ഒരു പുതിയ വീടാണോ നിങ്ങൾ അന്വേഷിക്കുന്നത്? എന്നാൽ എന്തു തന്നെയായാലും എലീശ പറഞ്ഞതിങ്ങനെ: "അങ്ങയുടെ ആത്മാവിന്റെ ഇരട്ടി പങ്ക് എന്റെ മേൽ വരണം.'' അദ്ദേഹം ഈ ലോകത്തിലെ മറ്റൊരു കാര്യവും ആവശ്യപ്പെട്ടില്ല. അദ്ദേഹത്തിന് ഏലിയാവിന്റെമേൽ ഉണ്ടായിരുന്ന ആത്മാവിന്റെ അതേ അഭിഷേകമാണ് വേണ്ടിയിരുന്നത്. അതുകൊണ്ടാണ് അദ്ദേഹം ഏലിയാവിനെ പിൻതുടർന്നത്.

ഒരു ശുശ്രൂഷ നമ്മെ ഭരമേൽപിക്കുന്നതിനു മുമ്പ് ദൈവം നമ്മെയും ശോധന ചെയ്യും. ചില അനുഭവങ്ങൾ അവിടുന്നു നമുക്കു തരും ഗിൽഗാലിലേക്ക് നമ്മെ കൊണ്ടുവരും എന്നിട്ട് നാം അതുകൊണ്ട് തൃപ്തരാണോ എന്നു നോക്കും. ചില ക്രിസ്ത്യാനികൾ അവിടംകൊണ്ട് തൃപ്തരാകുന്നു. എന്നാൽ മറ്റുള്ളവർ പറയും "ഇല്ല കർത്താവേ, അങ്ങയെ എനിക്ക് അധികമായി വേണം.'' ചിലപ്പോൾ നിങ്ങളിലൂടെ അവിടുന്ന് ഒരു അതിശയം ചെയ്തേക്കാം. ഈ സമയത്ത് ചിലർ തൃപ്തരാകും. മറ്റുള്ളവർ പറയും "കർത്താവേ അങ്ങയിൽ ആവസിച്ചിരുന്ന ആത്മാവ് എന്നിലും ആവസിച്ച് എന്നെ അങ്ങയുടെ സ്വരൂപത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തണം എന്നു ഞാൻ ആഗ്രഹിക്കുന്നു.'' നിങ്ങൾക്ക് അങ്ങനെയൊരാഗ്രഹമുണ്ടോ? അങ്ങനെയാണെങ്കിൽ ദൈവം നിങ്ങളെ നിരാശപ്പെടുത്തുകയില്ല എന്നു ഞാൻ നിങ്ങൾക്ക് ഉറപ്പുതരട്ടെ. ദൈവത്തിന്റെ ഏറ്റവും നല്ലതിനെക്കാൾ വളരെ കുറഞ്ഞ 25%, 50% അല്ലെങ്കിൽ 75% ചില കാര്യങ്ങൾക്കുവേണ്ടി നിലകൊണ്ട അനേകം ക്രിസ്ത്യാനികളെ ഞാൻ കണ്ടിട്ടുണ്ട്. തന്റെ തലമുറയിൽ ദൈവത്തിന്റെ ഏറ്റവും നല്ലതിനായി മുന്നോട്ടാഞ്ഞ എലീശയെപ്പോലെ ആകുക. അദ്ദേഹത്തിന് അഭിഷേകത്തിന്റെ ഇരട്ടി പങ്ക് ലഭിച്ചത് അദ്ദേഹം ദൃഢനിശ്ചയത്തോടെ അന്വേഷിച്ചതുകൊണ്ടാണ്. അതുകൊണ്ട് ഏലിയാവ് ചെയ്തതിന്റെ ഇരട്ടി അത്ഭുതപ്രവർത്തികൾ അദ്ദേഹം ചെയ്തു.

ഇന്നുള്ള അനേകം പ്രസംഗകരുടെ അടുത്തു ചെന്ന് "എനിക്ക് പരിശുദ്ധാത്മാഭിഷേകം വേണം'' എന്ന് നിങ്ങൾ പറഞ്ഞാൽ, അവർ പറയും "ഓ, അതു വളരെ എളുപ്പമാണ്. ഞാൻ നിങ്ങളുടെ തലയിൽ ഒന്നു കൈ വയ്ക്കട്ടെ.'' അയാൾ നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുകയും നിങ്ങളോട് ചില കാര്യങ്ങൾ അവ്യക്തമായി പറയുവാൻ ആവശ്യപ്പെടുകയും ചെയ്യും. എന്നിട്ട് അയാൾ നിങ്ങളോടു പറയും. "നിങ്ങൾക്കത് കിട്ടിപ്പോയി.'' എന്നാൽ ഏലിയാവ് എന്താണ് പറഞ്ഞത്? അദ്ദേഹം ഏലീശയോട് പറഞ്ഞു "നിനക്ക് പരിശുദ്ധാത്മാവിന്റെ ഇരട്ടി പങ്കു വേണോ? അത് എളുപ്പമുള്ള ഒരു കാര്യമേ അല്ല. നീ വളരെ പ്രയാസമുള്ള ഒരു കാര്യമാണ്

ചോദിച്ചിരിക്കുന്നത്. എന്നാൽ ഞാൻ സ്വർഗ്ഗത്തേക്ക് പോകുന്നതു കാണാൻ ദൈവം നിന്നെ അനുവദിക്കുമെങ്കിൽ, അപ്പോൾ നിനക്കതു ലഭിക്കും.'' ഏലിയാവ് ആ കാര്യം ദൈവ കരങ്ങളിൽ വിട്ടു കൊടുത്തു. ഏലിയാവ് ക്രിസ്തുവിന്റെ ഒരു പ്രതിരൂപം ആണ്. ഇതാണ് കർത്താവ് നമ്മോട് പറയുന്നത്. "ഞാൻ നിനക്കു വേണ്ടി വലത്തു ഭാഗത്ത് ഇരുക്കുന്നതു നീ കാണുകയും, നീ എന്നിൽ വിശ്വസിക്കുകയും ചെയ്താൽ നിനക്ക് അഭിഷേകം പ്രാപിക്കാൻ കഴിയും.''

ഇരട്ടി പങ്ക് അഭിഷേകം എന്നത് പ്രാപിക്കാൻ വളരെ പ്രായസമുള്ള ഒരു കാര്യമാണ്. എന്നാൽ നിങ്ങൾ മനുഷ്യരെ നോക്കാതെ കർത്താവിനെ മാത്രം നോക്കുമെങ്കിൽ നിങ്ങൾക്കതു പ്രാപിക്കാൻ കഴിയും. അതാണ് നിങ്ങളോടുള്ള കർത്താവിന്റെ വചനം. ഇന്നും യേശുവാണ് പരിശുദ്ധാത്മ സ്നാപകൻ ഒരു മനുഷ്യനുമല്ല. സ്നാപകയോഹന്നാൻ പോലും പറഞ്ഞു "എനിക്കു നിങ്ങളെ വെള്ളത്തിൽ മാത്രമെ സ്നാനം കഴിപ്പിക്കാൻ കഴിയൂ. എന്നാൽ അവിടുന്ന് നിങ്ങളെ പരിശുദ്ധാത്മാവിലും അഗ്നിയിലും സ്നാനം കഴിപ്പിക്കും.'' ഒരു മനുഷ്യനും നിങ്ങളെ പരിശുദ്ധാത്മാവിൽ സ്നാനം കഴിപ്പിക്കാൻ കഴിയില്ല. യേശുക്രിസ്തു മാത്രമാണ് ആ സ്നാപകൻ. അതുകൊണ്ട് നേരെ അവിടുത്തെ അടുക്കലേക്കു ചെല്ലുക.

ഏലിയാവും എലീശയും സംസാരിച്ചുകൊണ്ട് നടന്നു പോകുമ്പോൾ പെട്ടെന്ന്, ഒരു അഗ്നിരഥം വരികയും ഏലിയാവ് എടുക്കപ്പെടുകയും ചെയ്തു. എലീശ അതു കണ്ടു. ഏലിയാവിൽ നിന്നു വീണ മേലങ്കി എടുക്കുകയും അഭിഷേകത്തിന്റെ ഇരട്ടി പങ്ക് പ്രാപിക്കുകയും ചെയ്തു. പെട്ടെന്നു തന്നെ അതിന്റെ ഒരു തെളിവുണ്ടായി. അദ്ദേഹം യോർദ്ദാൻ നദിക്കരയിൽ വന്നപ്പോൾ അദ്ദേഹം വെള്ളത്തെ അടിക്കുകയും മറുകര കടക്കുകയും ചെയ്തു. അഭിഷേകം നമ്മുടെ ജീവിതത്തിൽ വെളിപ്പെട്ടു വരും. നാം ഉച്ചത്തിൽ ശബ്ദം ഉണ്ടാക്കുകയോ, ആക്രോശിക്കുകയോ അല്ലെങ്കിൽ ആരോടെങ്കിലും നമ്മുടെ അനുഭവം പറയുകയോ പോലും ചെയ്യേണ്ടതില്ല. നമ്മുടെ ജീവിതവും നമ്മുടെ ശുശ്രൂഷയും അവയ്ക്കു വേണ്ടി തന്നെ സംസാരിക്കും നമ്മെ വിമർശിക്കുന്നവരോടുപോലും.